പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3131 18.10. 2016 ൽ മറുപടിക്ക്

കെ.എസ്.ഇ.ബി സെക്ഷനുകളിൽ തസ്തികകൾ

ചോദ്യം

ശ്രീ.എം.എൻ.ഷംസീർ

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി യിൽ പുതുതായി ആരംഭിച്ച 30 സെക്ഷനുകളിൽ എത്ര തസ്തി-കകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ തസ്തിക, എണ്ണം തിരിച്ച് അറിയിക്കുമോ; | (എ) 24.02.2016-ലെ ബോർഡ് ഉത്തരവ് പ്രകാരം 31 പുതിയ ഇലക്ട്രിക്കൽ സെക്ഷനുകൾ ബോർഡ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെക്ഷനുകളിലേയ്ക്ക് ആവശ്യമുള്ള തസ്തികകളിൽ ബോർഡിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി)കെ.എസ്.ഇ.ബി.യിൽ എത്ര സെക്ഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി ഷിഫ്റ്റ് സംപ്രദാ യം നടപ്പിലാക്കിയിട്ടുണ്ട്; ഇത് സംസ്ഥാനതലത്തിൽ വ്യാപി-പ്പിക്കുവാൻ നടപടി സ്വീകരി - ക്കുമോ? | (ബി) 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിലുണ്ട്. കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടേയും ഓഫീസർമാരുടേയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ബോർഡിലെ ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ Long Term Settlement 2016 പ്രകാരം പത്തനംതിട്ട, കാസറഗോഡ് എന്നീ ജില്ലകളിലെ സെക്ഷൻ ഓഫീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും ഇത് വിജയകരമായി നടപ്പിലാക്കിയതിനുശേഷം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ഇതിനായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യ- ക്ഷമമാക്കാനാണ് ശ്രമിക്കുന്നത്. പ്രസ്തുത തീരുമാനം പേറിവിഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. പരാക്ഷണാടിസ്ഥാനത്തിൽ ടി സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലെ പുരോഗതി വിലയിരുത്തിയ ശേഷം 8 മണിക്കൂർ ഡ്യൂട്ടി ഷിഫ്റ്റ് സമ്പ്രദായം ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായി സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ